50 വയസ്സ് കഴിഞ്ഞ പഞ്ചായത്ത് ജീവനക്കാർക്ക് സ്ഥാനക്കയറ്റം

198 (1614) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള 50 വയസ്സ് കഴിഞ്ഞ സ്ഥിരം ജീവനക്കാരുടെ എണ്ണമെത്ര ;

(ബി) 50 വയസ്സ് കഴിഞ്ഞ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പഞ്ചായത്ത് വകുപ്പിൽ പ്രസ്തുത ആനുകൂല്യം അനുവദിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ അനോമലി ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി)) ഉണ്ട്.

(ഡി) ബാധകമല്ല.

അഗതി ആശ്രയ പദ്ധതിക്ക് അംഗീകാരം

199 (1615) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ സമർപ്പിച്ച അഗതി ആശ്രയ പദ്ധതിക്ക് ഇതുവരെയും അംഗീകാരം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഗതി ആശ്രയ പദ്ധതിക്ക് പദ്ധതി വിഹിതത്തിൽനിന്നും പഞ്ചായത്തുകൾ എത്ര ശതമാനം വീതമാണ് നീക്കിവയ്ക്കേണ്ടത് ;

(സി) യഥാസമയം അംഗീകാരം ലഭിക്കാത്തതുമൂലം പദ്ധതി വിഹിതം ചെലവഴിക്കാൻ സാധിക്കാത്ത പഞ്ചായത്തുകൾക്ക് തുടർന്നു വരുന്ന വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തുന്ന സ്ഥിതിവിശേഷം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകേണ്ട സേവനങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തുന്നത്. ആയതിനാൽ പഞ്ചായത്ത്/നഗരസഭകൾക്ക് ആശ്രയ പദ്ധതിക്കായി നീക്കിവയ്ക്കേണ്ട കൃത്യമായ തുക എത്രയെന്ന് നിശ്ചയിച്ച് നൽകിയിട്ടില്ല. പദ്ധതി വിഹിതത്തിന്റെ 60 ശതമാനം തുകയാണ് പഞ്ചായത്തുകൾ നീക്കിവയ്ക്കേണ്ടത്.

(സി) പദ്ധതി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുക അടുത്ത വർഷത്തേക്ക് മാറ്റി (സ്പിൽ ഓവർ ആയി) ചെലവഴിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

അതുല്യം വിദ്യാഭ്യാസ പദ്ധതി

200 (1616) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ഏപ്രിൽ 18-ന് കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നടത്തിവരുന്ന അതുല്യം പദ്ധതിയുടെ വിജയത്തിലേക്കായി പഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കി സാമ്പത്തിക സഹായം ചെയ്യണമെന്ന് സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിച്ച-തനുസരിച്ച് എത്ര ഗ്രാമപഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) സാമൂഹിക പ്രതിബദ്ധതയോടെ ചെയ്യേണ്ട ഒരു പദ്ധതി ആയിരിക്കെ സാമ്പത്തിക ശേഷിയുള്ള സ്പെഷ്യൽ ഗ്രേഡ് വിഭാഗത്തിൽപ്പെടുന്നവ ഉൾപ്പെടെയുള്ള പല പഞ്ചായത്തുകളും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ അനാസ്ഥ കാട്ടിവരുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ ; ഇത് പരിഹരിക്കുവാൻ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly